LIBRARY ARCHIVES Kerala Legislative Assembly

## കുന്ദമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവർത്തികൾ

53 [2942] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ എത്ര പാലങ്ങൾ മരാമത്ത് വകുപ്പു നിർമ്മിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പാലങ്ങളുടെ പേരും അനുവദിച്ച തുകയും പ്രവർത്തി നടത്തുന്ന ഏജൻസിയുടെ പേരും വെളിപ്പെടുത്താമോ;

(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മരാമത്ത് വകുപ്പ് കുന്ദമംഗലം നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തികൾ എന്തൊക്കെ എന്നും ഇതിന് ചെലവായ തുക എത്രയെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ മരാമത്ത് വകുപ്പ് നടത്താനുദ്ദേശിക്കുന്ന പ്രവർത്തികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ പെരുവഴിക്കടവ് പാലത്തിന്റെ പണിയാണ് ഇപ്പോൾ നടന്നു വരുന്നത്.

(ബി) പെരുവഴിക്കടവ് പാലത്തിന്റെ അടങ്കൽ തുക 380 ലക്ഷം രൂപയാണ്. കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് പണി ഏറ്റെടുത്തു നടത്തുന്നത്.

(സി) 1. കുന്ദമംഗലം അഗസ്ത്യമുഴി റോഡ് കി.മീ. 10/0 മുതൽ 13/0 വരെ പരിഷ്ക്കരണം—52 ലക്ഷം രൂപ

2. കൊയിലാണ്ടി താമരശ്ശേരി മുക്കം-അരീക്കോട് ഇടവണ്ണ റോഡിൽ 21/0 മുതൽ 44/120 വരെ ബി. എം. ആന്റ് എ. സി. പണി—261 ലക്ഷം രൂപ

3. വരട്ടിയാക്കൽ താമരശ്ശേരി റോഡ് അഭിവൃദ്ധിപ്പെടുത്തൽ—100 ലക്ഷം രൂപ

(ഡി) കുളിമാട് പാലം, തെയ്യത്തുംകടവ് പാലം, പാറക്കടവ് പാലം, മനശ്ശേരി കുളിമാട് റോഡ്, കെട്ടാങ്ങൽ മാവൂർ റോഡ്, പെരുമണ്ണ ബൈപാസ് റോഡ് ഈ പണികളാണ് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്.